# 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ സംബന്ധിച്ച വിഷയനിർണ്ണയ സമിതി റിപ്പോർട്ടും വിഷയനിർണ്ണയ സമിതി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2014

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ സംബന്ധിച്ച വിഷയനിർണ്ണയ സമിതി റിപ്പോർട്ടും വിഷയനിർണ്ണയ സമിതി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

176/2014.

## ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| റിപ്പോർട്ട് | .. | vii |
| വിയോജനക്കുറിപ്പ് | .. | ix |
| സമിതി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബിൽ | .. | 1 |

## വിഷയനിർണ്ണയ സമിതി IX

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

## (2013-2016)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. മഞ്ഞളാംകുഴി അലി,
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി.

ശ്രീ. കെ. എം. മാണി,
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

ഡോ. എം. കെ. മുനീർ,
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. കെ. അച്ചുതൻ

ശ്രീ. സി. മമ്മൂട്ടി

ശ്രീ. പി. റ്റി. എ. റഹീം

ശ്രീ. വി. ശിവൻകുട്ടി

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. കെ. വി. വിജയദാസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

# 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ

(വിഷയനിർണ്ണയ സമിതി റിപ്പോർട്ട്)

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IX-ന്റെ പരിഗണനയ്ക്കായി അയച്ച 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ (ബിൽ നമ്പർ 253), സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള വിഷയനിർണ്ണയ സമിതിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള വിഷയനിർണ്ണയ സമിതി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ, 2013 ഡിസംബർ 28-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2014 ജനുവരി 21-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസം തന്നെ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2014 ജനുവരി 28-ാം തീയതി സമിതി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:—

(i) നിയമപ്രഖ്യാപന വാക്യത്തിലെ "അറുപത്തിനാലാം സംവത്സരത്തിൽ" എന്നത് "അറുപത്തിഅഞ്ചാം സംവത്സരത്തിൽ" എന്ന് ഭേദഗതി ചെയ്യേണ്ടതാണ്;

(ii) ഖണ്ഡം 1(1) താഴെപ്പറയുന്ന പ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്:

"(1) ഈ ആക്റ്റിന് 2014-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാവുന്നതാണ്.".

4. വിയോജനക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

തിരുവനന്തപുരം,
2014 ജനുവരി 28.

കെ. സി. ജോസഫ്,
*അദ്ധ്യക്ഷൻ,*
*വിഷയനിർണ്ണയ സമിതി IX.*

## അനുബന്ധം

## വിയോജനക്കുറിപ്പ്

2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ സംബന്ധിച്ച വിഷയനിർണ്ണയ സമിതി റിപ്പോർട്ടിന്മേൽ താഴെപ്പറയുന്ന കാരണത്താൽ ഞങ്ങൾ വിയോജനം രേഖപ്പെടുത്തുന്നു:

ഓരോ മുനിസിപ്പാലിറ്റിയിലും ഒരിടത്തെങ്കിലും ആധുനിക രീതിയിലുള്ള പൊതുശ്മശാനം നിർമ്മിക്കേണ്ടത് മുനിസിപ്പാലിറ്റിയുടെ ചുമതലയായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല.

| | |
|---|---|
| പി. ശ്രീരാമകൃഷ്ണൻ | (ഒപ്പ്) |
| വി. ശിവൻകുട്ടി | (ഒപ്പ്) |
| പി. റ്റി. എ. റഹീം | (ഒപ്പ്) |
| കെ. വി. വിജയദാസ് | (ഒപ്പ്) |
| ഇ. കെ. വിജയൻ | (ഒപ്പ്) |

തിരുവനന്തപുരം,
2014 ജനുവരി 28.

# 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ

(വിഷയനിർണ്ണയ സമിതി റിപ്പോർട്ട് ചെയ്തപ്രകാരമുള്ളത്)

[അടിവരയിട്ടത് സമിതി നിർദ്ദേശിച്ച ഭേദഗതികളേയും നക്ഷത്രചിഹ്നം ഒഴിവാക്കിയതിനേയും സൂചിപ്പിക്കുന്നു]

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിഅഞ്ചാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2014-ലെ കേരള മുനിസിപ്പാലിറ്റി (*** ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാവുന്നതാണ്.

(2) ഇത് 2013 ഒക്ടോബർ 5-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 485എ വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 485എ വകുപ്പിൽ നിലവിലുള്ള ക്ലിപ്ത നിബന്ധനയ്ക്കുപകരം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, ഒരു കോൺക്രീറ്റ് വാൾട്ടിന്റെയോ ഇലക്ട്രിക്/ഗ്യാസ് ശ്മശാനത്തിന്റെയോ സംഗതിയിൽ പ്രസ്തുത അകലം ഇരുപത്തിയഞ്ച് മീറ്ററിൽ കുറയുവാൻ പാടുള്ളതല്ല".

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം

ഭേദഗതി) ഓർഡിനൻസ് (2013-ലെ 52) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2014 ജനുവരി 28.

പി. ഡി. ശാരംഗധരൻ,
സെക്രട്ടറി.